പ്രവാസി സെൽ

164 (3727) ശ്രീ കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരിൽ ഭൂരിപക്ഷ മലയാളികൾക്ക് ജോലി സ്ഥലങ്ങളിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഇന്ത്യൻ എംബസിക്ക് അനുബന്ധമായി ഓരോ പ്രവാസി സെൽ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ബി) ഗൾഫ് രാജ്യങ്ങളിൽ ജോലി തേടിപ്പോയി കബളിപ്പിക്കപ്പെടുന്നവർ, ജോലി സ്ഥലത്ത് വച്ച് മരണപ്പെടുന്നവർ, യാത്രാരേഖകളും മറ്റും നഷ്ടപ്പെടുന്നവർ, അപകടത്തിൽപ്പെടുന്നവർ, ജയിൽവാസം അനുഭവിക്കുന്നവർ എന്നിവർക്ക് 'തക്കസമയത്ത് സഹായം' എത്തിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിദേശരാജ്യങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ഓഫീസുകൾ ആരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ആവശ്യമാണ്. മലയാളികൾ ഉൾപ്പെട്ട വിദേശ ഇന്ത്യക്കാരുടെ കാര്യങ്ങൾ നോക്കുന്നതിന് ഓരോ രാജ്യങ്ങളിലും ഇന്ത്യൻ നയതന്ത്രകാര്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇപ്രകാരമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളുടെ സഹായം ആവശ്യമാണ്. അതിനാൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന കേസ്സുകളിന്മേൽ അതാതു രാജ്യങ്ങളിലെ ഇന്ത്യൻ നയതന്ത്ര കാര്യാലയങ്ങളുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

പത്രവാർത്തകളുടെ സ്ക്രൂട്ടിനിയും അനന്തര നടപടികളും

165 (3728) ശ്രീ ടി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യേനയുള്ള പത്രവാർത്തകൾ സ്ക്രൂട്ടിനി ചെയ്യുന്ന സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോ ;

(ബി) എങ്കിൽ ഇക്കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര പത്രവാർത്തകൾ വീതം ഓരോ മന്ത്രിക്കും എത്തിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ പത്രവാർത്തകളിൽ എത്ര എണ്ണത്തിൽ തുടർനടപടി ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പത്രവാർത്തകളിന്മേലുള്ള തുടർ നടപടി പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ഇ) ഇല്ലെങ്കിൽ പത്രവാർത്തകളിന്മേൽ തുടർ നടപടി ഉറപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2002 ഏപ്രിൽ മുതൽ 2003 മാർച്ച് വരെയുള്ള ഒരു വർഷക്കാലയളവിൽ വിവിധ മന്ത്രിമാരുടെ ഓഫീസുകളിലേക്ക് അയച്ച പത്രവാർത്തകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു†.

(സി) പബ്ലിക് റിലേഷൻസ് ജോലിയുടെ ഭാഗമായ 'ഫീഡ്ബാക്' എന്ന നിലയിൽ വിവിധ വകുപ്പുകളെ കുറിച്ച് പത്രങ്ങളിൽ വരുന്ന പരാതികളും അഭിപ്രായങ്ങളും ബന്ധപ്പെട്ട വകുപ്പിന് നടപടികൾക്കായി അയച്ചുകൊടുക്കുക മാത്രമാണ് ഇപ്പോൾ ചെയ്യുന്നത്. അതിനാൽ എത്ര എണ്ണത്തിൽ നടപടി എടുത്തിട്ടുണ്ടെന്ന് അറിയില്ല.

(ഡി) ഇല്ല.

(ഇ) പത്രക്ലിപ്പിംഗ്സ് അയച്ചു കൊടുക്കുന്നതോടൊപ്പം അതിൽ എടുത്ത നടപടി ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിനെ അറിയിക്കാൻ ആവശ്യപ്പെടും.

യു.എ.ഇ.-യിൽ അറസ്റ്റ് ചെയ്യപ്പെട്ട മലയാളികൾ

166 (3729) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. സുജനപാൽ :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

യു.എ.ഇ.-യിൽ ഈ വർഷം ജനുവരി മുതലാരംഭിച്ച പൊതുമാപ്പുകാലത്തും അതിനുശേഷവും കേരളീയരിലാരെങ്കിലും അറസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര പേരെന്നും, അവരെ നാട്ടിലെത്തിക്കാൻ എന്തെല്ലാം നടപടികളെടുക്കാനുദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

യു.എ.ഇ.-യിലെ അബുദാബിയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ കാര്യാലയത്തിൽ നിന്നോ ദുബായിയിലെ ഇന്ത്യൻ കോൺസുലേറ്റിൽ നിന്നോ ഇക്കാര്യത്തെ സംബന്ധിച്ച വിവരം ലഭ്യമായിട്ടില്ല.

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[21-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 165 (3728) കാണുക]

2002 ഏപ്രിൽ മുതൽ 2003 മാർച്ച് മാസം വരെയുള്ള ഒരു വർഷക്കാലത്ത് ഓരോ വകുപ്പിനും നൽകിയിട്ടുള്ള പത്രവാർത്തകളുടെ എണ്ണം താഴെപ്പറയും വിധമാണ് :

1.	മുഖ്യമന്ത്രി	...	8052
2.	ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി	...	852
3.	വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി	...	396
4.	ആരോഗ്യ വകുപ്പുമന്ത്രി	...	1080
5.	വിദ്യാഭ്യാസ വകുപ്പുമന്ത്രി	...	1824
6.	ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി	...	396
7.	തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി	...	900
8.	റവന്യൂവും നിയമവും വകുപ്പുമന്ത്രി	...	1560
9.	മരാമത്ത് വകുപ്പുമന്ത്രി	...	336
10.	വനവും സ്പോർട്സും വകുപ്പുമന്ത്രി	...	1296
11.	ഭക്ഷ്യവും സാംസ്കാരികകാര്യവും ദേവസ്വവും വകുപ്പുമന്ത്രി	...	432
12.	പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി	...	672
13.	വിദ്യുച്ഛക്തി വകുപ്പുമന്ത്രി	...	768
14.	സഹകരണവും തുറമുഖവും വകുപ്പുമന്ത്രി	...	360
15.	കൃഷിയും കയറും വകുപ്പുമന്ത്രി	...	744
16.	ഗതാഗത വകുപ്പുമന്ത്രി	...	600
17.	ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി	...	60
18.	ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	...	360
19.	തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി	...	252
20.	ജലവിഭവ വകുപ്പുമന്ത്രി	...	504

LIBRARY ARCHIVES Kerala Legislative Assembly